**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** | **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പുതു തലമുറ തൊഴിലുകളിൽ അവസരം സൃഷ്ടിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | **പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് വിവിധ മേഖലകളിലുള്ള പുതു തലമുറ തൊഴിലുകളിൽ അവസരം സൃഷ്ടിക്കുവാൻ തൊഴിൽ ഉറപ്പാക്കുന്ന വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്നുണ്ട്. നൈപുണ്യ വികസന പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിന് പുറമെ സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രസ്തുത പരിശീലനങ്ങൾ കൊണ്ട് സാധിക്കുന്നതാണ്.**<br><br>**എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ** |

പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. ഇവർക്ക് സർക്കാരിന്റെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്.

നിലവിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 18 നിയമ ബിരുദധാരികൾക്ക് ലീഗൽ അഡ്വൈസർ/ലീഗൽ കൗൺസിലർ/ അസ്സിസ്റ്റന്റുമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.

കൂടാതെ ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകൾ കണ്ടെത്തി സംസ്ഥാന/കേന്ദ്ര/ മറ്റ് തൊഴിൽ പരിശീലകരായ ഏജൻസികളുടെ അക്രഡിറ്റേഷനുള്ള പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി വരികയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സംസ്ഥാനത്തിനകത്തും പുറത്തും അംഗീകാരമുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകളും നൽകുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ അംഗീകൃത ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുകയും

| | | | |
|---|---|---|---|
| | | | **നൈപുണ്യ വികസന പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.** |
| (ബി) | ഏതൊക്കെ മേഖലകളാണ് പുതു തലമുറ തൊഴിലുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | **പട്ടികജാതി വികസന വകുപ്പ്, ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, പ്ലാസ്റ്റിക് വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.**<br><br>**പട്ടികവർഗ വികസന വകുപ്പ്, ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ മേഖലകളിലെ (ഡിജിറ്റൽ മീഡിയ മേഖല, ഓട്ടോമൊബൈൽസ് മേഖല, ഏവിയേഷൻ മേഖല) ഹ്രസ്വകാല കോഴ്സുകൾ പരിശീലിപ്പിക്കുകയും പരിശീലനാനന്തരം പ്രസ്തുത മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയുന്നുണ്ട്.** |
| (സി) | ഇത് സംബന്ധിച്ച പരിശീലന പരിപാടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ? | (സി) | **അഭ്യസ്തവിദ്യരായ പട്ടികവർഗ യുവജനതയ്ക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അതിലൂടെ സ്ഥിരവരുമാനമുള്ള തൊഴിൽ ഉറപ്പ് വരുത്തി സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.**<br><br>**2022-23 വർഷത്തെ പരിശീലനങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുകയും, പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും പരിശീലന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിനും ആവശ്യമായ നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.**<br><br>**പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ പ്രകാരം പരിശീലനം നേടിയ 319 പേർക്ക് പ്ലേസ്മെന്റ് നൽകിയിട്ടുണ്ട്.**<br><br>**തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും** |

| | | | |
|---|---|---|---|
| | | | **സ്ഥിര ശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ കഴിയുന്നുണ്ട്. പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ നൈപുണ്യവികസന പരിശീലന പരിപാടികളിലൂടെ 5933 പേർക്ക് പരിശീലനം നൽകുകയും 2977 പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ